വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) കേരളത്തിലെ 6 എഞ്ചിനീയറിംഗ് കോളേജുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ കേന്ദ്രസർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോടിനെയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ പ്രോഗ്രാം നടപ്പാക്കുന്നതിന് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പാക്കുന്നതിന്റെ ഭാഗമായി മാനേജ്മെന്റ് തലത്തിലും അദ്ധ്യാപകരുടേയും ജീവനക്കാരുടേയും തലത്തിലും വിദ്യാർത്ഥികളുടെ പ്രവേശനത്തിലും വരുത്തേണ്ട മാറ്റങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഗുരുദേവ കൃതികൾ പാഠപുസ്തകമാക്കുവാൻ നടപടി

*27 [297] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരുദേവനെക്കുറിച്ചും ഗുരുദേവ കൃതികളെക്കുറിച്ചും സാമൂഹ്യ പരിഷ്കാരങ്ങളെക്കുറിച്ചും ഉള്ള വിഷയങ്ങൾ സ്കൂൾ, കോളേജ് പാഠ്യ സിലബസിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ഗുരുദേവ കൃതികൾ പാഠപുസ്തകമാക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

കേരള റോഡ് ഫണ്ട് ബോർഡ് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന പാതകൾ

*28 [298] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ഫണ്ട് ബോർഡ് സംസ്ഥാനത്തെ ഏതെങ്കിലും പാതകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അവ ഏതെല്ലാം; ഇതുസംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ & ബി) തലസ്ഥാന നഗരിയിൽ 43 കി. മീ റോഡ് വികസനത്തിനുള്ള പദ്ധതി ഏറ്റെടുക്കാൻ കേരള റോഡ് ഫണ്ട് ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ

*29 [299] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ശക്തവുമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പരാതികൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി താഴെ പറയുന്ന കാര്യങ്ങളാണ് നടപ്പിലാക്കി വരുന്നത്.

(i) അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനായി ഇലക്ട്രോണിക് ബാലൻസുകൾ പ്രയോജനപ്പെടുത്തി.

(ii) വകുപ്പിലെ കംപ്യൂട്ടർവൽക്കരണം പൂർത്തിയായിവരുന്നു.

(iii) എറണാകുളത്തെ സെക്കൻഡറി സ്റ്റാൻഡേർഡ് ലബോറട്ടറിക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഓഫ് ലബോറട്ടറീസിന്റെ അംഗീകാരം ലഭ്യമാക്കി.

(iv) സ്വർണ്ണത്തിന്റെ ഗുണമേന്മ പരിശോധനയ്ക്കായി എറണാകുളത്ത് ഒരു ലബോറട്ടറി പ്രവർത്തനം ആരംഭിച്ചു.

(v) വേയ്ബ്രിഡ്ജുകളുടെ കൃത്യതാ പരിശോധനയ്ക്ക് ഒരു വെരിഫിക്കേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly